(ബി) ഘട്ടംഘട്ടമായി ചെയ്യുന്ന നവീകരണ പ്രവൃത്തികൾകൊണ്ട് ചോർച്ച കുറയ്ക്കാൻ സാധിക്കുന്നതാണ്.

(സി) കനാൽ മുഴുവൻ കോൺക്രീറ്റ് ലൈനിംഗ് ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്.

(ഡി) കൂടുതൽ കേടുപാടുകൾ സംഭവിച്ച സ്പൗട്ടുകൾ റിപ്പയർ ചെയ്യുന്ന പ്രവൃത്തി ഈ വർഷത്തെ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഇ) വടക്കാഞ്ചേരി സ്കീം മെയിന്റനൻസിൽ ഉൾപ്പെടുത്തി മൊത്തം 132 ലക്ഷം രൂപയ്ക്കുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്.

ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടേയും റെഗുലേറ്ററുകളുടേയും പുനരുദ്ധാരണം

101 (6260) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടേയും റഗുലേറ്ററുകളുടേയും പുനരുദ്ധാരണത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദീകരിക്കുമോ ;

(ബി) സംസ്ഥാനത്തെ നെൽക്കൃഷിയുടെ വിള വിസ്തൃതി വർദ്ധിപ്പിക്കുന്നതിനുള്ള മുഖ്യ തടസ്സം ഇത്തരം ഇറിഗേഷൻ പദ്ധതികളുടേയും റഗുലേറ്ററുകളുടേയും തകർച്ചയാണ് എന്ന വസ്തുത കണക്കിലെടുത്ത് ഇവയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് ഒരു ഏകീകൃത സംവിധാനം ഏർപ്പെടുത്തുന്നതിന് തയ്യാറാകുമോ ;

(സി) ഇത്തരത്തിൽ സംസ്ഥാനത്ത് ആകെ എത്ര പദ്ധതികളാണ് ഇപ്പോൾ നടപ്പിലാക്കിവരുന്നത് ;

(ഡി) ഈ വർഷത്തിൽ ഇവയിൽ എത്ര പദ്ധതികൾ പൂർത്തിയാക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഏഴ് വടക്കൻ ജില്ലകളിൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ പുനരുദ്ധരിക്കുകയും വി. സി. ബി. ചെക്ക്ഡാം എന്നിവ പുനരുദ്ധരിക്കുകയും പുതിയവ നിർമ്മിക്കുന്നതിന് 180.09 കോടി രൂപയുടെ 418 പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്നതിനായി ഭരണാനുമതി നൽകി.

എറണാകുളം ജില്ലയിലെ 127 ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകൾ പുനരുദ്ധരിക്കാൻ 35.84 കോടി രൂപയുടേയും തെക്കൻ ജില്ലകളിലെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ പുനരുദ്ധരിക്കാൻ 15.44 കോടി രൂപയുടേയും പദ്ധതികൾക്ക് ഭരണാനുമതി നൽകി.

LIBRARY ARCHIVES Kerala Legislative Assembly

കൊത്തുവാര കടവിൽ (കോട്ടച്ചിറ) കരിയാർ പുഴയ്ക്ക് കുറുകെ ഒരു റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിന് 24.028 കോടി രൂപയുടേയും പെരിയാറിൽ പുറപ്പള്ളിക്കടവിൽ റഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കാൻ 41 കോടി രൂപയുടേയും ഭരണാനുമതി നൽകി.

ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളിൽ ഭരണാനുമതി ലഭിച്ചവയുടെ ടെണ്ടർ നടപടികൾ നടന്നുവരുന്നു.

(ബി) നെൽക്കൃഷി പ്രോത്സാഹിപ്പിക്കുകയും വിള വിസ്തൃതി വർദ്ധിപ്പിക്കുകയും ചെയ്തതിനാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെയും റെഗുലേറ്റർ, ചെക്ക്ഡാം, വി.സി.ബി എന്നിവയുടേയും പുനരുദ്ധാരണത്തിനായി പ്രത്യേക ഏകീകൃത പദ്ധതി ഏറ്റെടുക്കുകയും ഈ പദ്ധതികൾ ഇപ്പോൾ പുരോഗതിയിലുമാണ്.

(സി) സംസ്ഥാനത്ത് 418 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടേയും 209 ചെക്കുഡാമുകൾ, വി.സി.ബി. എന്നിവയുടേയും പുനരുദ്ധാരണമാണ് നടപ്പിലാക്കി വരുന്നത്.

(ഡി) ഈ പദ്ധതികൾ ഈ സാമ്പത്തിക വർഷംതന്നെ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

മലബാർ ഇറിഗേഷൻ പാക്കേജിൽ ഉൾപ്പെട്ട ചെറുകിട ജലസേചന പദ്ധതികൾ

102 (6261) ശ്രീ. എം. ചന്ദ്രൻ :
ശ്രീ. പി. കൃഷ്ണപ്രസാദ് :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലബാർ ഇറിഗേഷൻ പാക്കേജിൽ എത്ര ചെറുകിട ജലസേചന പദ്ധതികളാണ് നടപ്പാക്കുന്നത് ;

(ബി) പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണ് ?

ഉത്തരം

(എ) മലബാർ ഇറിഗേഷൻ പാക്കേജിൽ ഉൾപ്പെടുത്തി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ നവീകരണത്തിനായി 209 പദ്ധതികളും, റെഗുലേറ്ററുകൾ, തടയണകൾ, ക്രോസ് ബാറുകൾ എന്നിവയുടെ നിർമ്മാണം/പുനരുദ്ധാരണം എന്നിവയ്ക്കായി 209 പദ്ധതികളുമടക്കം ആകെ 418 ചെറുകിട ജലസേചന പദ്ധതികളാണ് നടപ്പാക്കുന്നത്.

(ബി) ഇതിൽ 23 പ്രവൃത്തികൾ പൂർത്തീകരിച്ചു. 270 പ്രവൃത്തികളുടെ പണികൾ ആരംഭിച്ചിട്ടുണ്ട്. ബാക്കിയുള്ള 125 പ്രവൃത്തികളുടെ ടെണ്ടർ നടപടി ക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly